**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2894** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഉത്സവ സീസണുകളിൽ ആനകൾക്ക് മതിയായ വിശ്രമം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ കണക്കുപ്രകാരം കേരളത്തിൽ എത്ര നാട്ടാനകളുണ്ട്; | (എ) | 2025 ഫെബ്രുവരി 15 ന് പൂർത്തിയാക്കിയ നാട്ടാനകളുടെ സർവ്വെ പ്രകാരം കേരളത്തിൽ 389 നാട്ടാനകളാണുള്ളത്. |
| (ബി) | കേരളത്തിൽ ഓരോ വർഷവും ആന എഴുന്നള്ളിപ്പ നടത്തുന്ന ശരാശരി എത്ര പൂരങ്ങളും നേർച്ചകളും പെരുന്നാളുകളുമാണ് ഉള്ളത് ; | (ബി) | കേരളത്തിൽ ആന എഴുന്നള്ളിപ്പ് നടത്തുന്നതിനായി ആകെ 7335 പൂരങ്ങളും, നേർച്ചകളും പെരുന്നാളുകളുമാണ് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) | ഉത്സവസീസൺ കാലത്ത് ആനകൾക്ക് മതിയായ വിശ്രമവും പരിചരണവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുവാൻ വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | ഉത്സവ സീസണിൽ ആനകൾക്ക് മതിയായ വിശ്രമവും പരിചരണവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിനാവശ്യമായ നടപടികൾ 2012 ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കൂടാതെ ഉത്സവ വേളകളിൽ ആനകൾ ഇടഞ്ഞ് അപകടം ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനും, ആനകൾക്ക് മതിയായ വിശ്രമവും, പരിചരണവും ഉറപ്പ വരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ട് 20.03.2013-ന് സർക്കാർ 2853/ഡി2/2013/വനം നമ്പരായി സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെയും, സർക്കുലറിലേയും വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ വരുത്തുന്നതിനായി ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടു കൂടിയും, മേൽനോട്ടത്തിലുമാണ് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നത്. ഓരോ ഉത്സവത്തിനും മുന്നോടിയായി നൽകുന്ന അനുമതിപത്രത്തിൽ മേൽ പറഞ്ഞ ചട്ടങ്ങളിലെയും, സർക്കുലറിലെയും വ്യവസ്ഥകൾക്ക് പുറമെ ഓരോ ഉത്സവത്തിന്റെയും രീതി, ഉത്സവം നടക്കുന്ന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന മറ്റ് നിബന്ധനകൾ കൂടി ഉത്സവ കമ്മിറ്റികൾ പാലിക്കേണ്ടതുണ്ട്. വലിയ ഉത്സവങ്ങൾ നടക്കുന്ന അവസരത്തിൽ ഓരോ വർഷത്തേയും സാഹചര്യങ്ങൾക്കനുസരിച്ച് ടി |

| | | | |
|---|---|---|---|
| | | | ഉത്സവങ്ങളിൽ പങ്കെടുക്കുന്ന നാട്ടാനകളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക മുൻകരുതലുകൾ ആവശ്യമാണെന്ന് തോന്നുന്ന പക്ഷം ചീഫ് വൈൽഡ് ലൈഫ് വാർഡനോ, ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ ഇത് സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ